# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 547 — 09.07.2012ൽ മറുപടിയ്ക്ക്

## സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു<br>ശ്രീ. മാത്യു.റ്റി. തോമസ് | ശ്രീ. പി.കെ. അബ്ദുറബ്ബ്,<br>(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി.) |
| എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ കോളേജുകളിൽ ഈ അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) 31/12/2011-ലെ സ.ഉ. (കൈ) നമ്പർ 369/2011/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് സർക്കാർ കോളേജിൽ ബി.എ. മലയാളം കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 12/09/2011-ലെ സ.ഉ. (കൈ) നമ്പർ 218/2011/ഉ.വി.വ സർക്കാർ ഉത്തരവ് പ്രകാരം അട്ടപ്പാടി സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, ബി.എ. ഹിസ്റ്ററി, ബി.എ. മലയാളം, ബി.കോം, ബി.എസ്.സി. സുവോളജി, ബി.എസ്.സി. ബോട്ടണി എന്നീ കോഴ്സുകൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എയ്ഡഡ് കോളേജുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഇല്ല. എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| സി) | നിർദ്ധന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹയർസെക്കൻഡറി കോഴ്സിന് ശേഷം തുടർ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന വിധത്തിൽ സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ